4-5(...)/18

നം. ഡി.എ 1/439/2018/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
തിരുവനന്തപുരം, 02.05.2018.

## സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് - 2018 മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ തുടർന്ന് നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന: വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 12-04-2018-ലെ തീരുമാനം (ഇനം 2.13)

തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻവാർഷിക പദ്ധതികളിൽ ഏറ്റെടുത്ത പ്രോജക്ടുകളിൽ 2018 മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്തവ തുടർന്ന് നടപ്പാക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മുൻ വാർഷിക പദ്ധതികളിൽ ഏറ്റെടുത്ത പ്രോജക്ടുകളിൽ 2018 മാർച്ച് 31-ന് നിർവഹണം പൂർത്തിയാകാത്തവയുടെ നിലവിലുള്ള അവസ്ഥ പരിശോധിക്കേണ്ടതും ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പാക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതുമാണ്. നിർവഹണ നടപടികൾ ഇതുവരെയും ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഉപേക്ഷിക്കാവുന്നതാണ്. ഭാഗീകമായി പൂർത്തിയാക്കിയ പ്രോജക്ടുകളുടെ നിർവഹണം പാഴ് ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കാവുന്നതാണ്. തുടർന്ന് നടപ്പാക്കേണ്ടതുണ്ടെന്ന് നിർബന്ധമായും കണ്ടെത്തുന്ന പ്രോജക്ടുകളെ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം രണ്ട് വിഭാഗമായി തരംതിരിക്കേണ്ടതാണ്.

2. അധിക വിഹിതം ലഭിക്കുന്നതിന് സാധ്യതയുള്ള സ്പിൽ ഓവർ പ്രോജക്ടുകൾ (കാറ്റഗറി – 1)

(1) 2017-18 വാർഷിക പദ്ധതിയിലെ പുതിയ പ്രോജക്ടുകളിൽ 2018 ഏപ്രിൽ 1-ന് മുമ്പ് നിർവ്വഹണം ആരംഭിച്ചതും ഭേദഗതി ഇല്ലാതെ സ്പിൽ ഓവറായി തുടരേണ്ടതുമായ പ്രോജക്ടുകളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. നിർവഹണം ആരംഭിച്ചതായി രിക്കണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കരാറിൽ ഏർപ്പെട്ടതോ (വ്യക്തിഗത ആനുകൂല്യം നൽകുന്നതിനുള്ള പ്രോജക്ടുകളുടെ കാര്യത്തിൽ ഒരു ഗുണഭോക്താവു മായെങ്കിലും കരാറിൽ ഏർപ്പെട്ടതോ) പർച്ചേസ് ഓർഡർ നൽകിയതോ ആയ പ്രോജക്ടുകൾ ആയിരിക്കണം എന്നാണ്.

(2) 2018 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട് പെയ്മെന്റ് നൽകാൻ കഴിയാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. അതുപോലെ ലൈഫ് മിഷൻ പ്രോജക്ടുകളും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

(3) ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് വേണ്ട വിഹിതം പ്രത്യേകം അനുവദിക്കുന്നതിന് പരിഗണിക്കുമെന്നതിനാൽ ഇത്തരം സ്പിൽ ഓവർ പ്രോജക്ടുകളെ സുലേഖ സോഫ്റ്റ് വെയറിൽ 2018-19 ലെ ബജറ്റ് വിഹിതത്തിനുള്ളിൽ കൊണ്ടുവരേണ്ടതില്ല; അവ ബജറ്റ് വിഹിതത്തിന് പുറത്ത് പ്രത്യേകം മാറ്റി നിർത്താവു ന്നതാണ്. അധിക വിഹിതം തുടക്കത്തിൽ തന്നെ അനുവദിക്കുന്നതല്ല. 2018-19 ലെ ബജറ്റ് വിഹിതം ഉപയോഗിച്ച് ഇവയുടെ പേയ്മെന്റ് നൽകേണ്ടതാണ്. ബജറ്റ് വിഹിതം പൂർണ്ണമായി ഉപയോഗിച്ച് കഴിയുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

3.മറ്റ് സ്പിൽ ഓവർ പ്രോജക്ടുകൾ (കാറ്റഗറി – 2)

(1) ഖണ്ഡിക 2 ലെ (1), (2) എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ളവ ഒഴികെയുള്ള എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളും പൂർത്തീകരിക്കുന്നതിനുവേണ്ട വിഹിതം 2018-19 ലെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. 2017-18 ൽ നിർവഹണം ആരംഭിച്ച പുതിയ പ്രോജക്ടുകൾ ഭേദഗതിയോടുകൂടിയാണ് 2018-19 ൽ തുടരുന്നതെങ്കിൽ അത്തരം പ്രോജക്ടുകൾക്ക് വേണ്ട വിഹിതവും 2018-19 ലെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(2) ഇത്തരം സ്പിൽ ഓവർ പ്രോജക്ടുകൾ കൂട്ടിച്ചേർക്കുന്നതിന് ഇതിനകം അംഗീകാരം നേടിയ വാർഷിക പദ്ധതി ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതാണ്.

(3)മേൽ പറഞ്ഞ പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകളെ രണ്ട് വിഭാഗമായി തരംതിരിച്ച് 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്. ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ 2018-19 വാർഷിക പദ്ധതി ഈ രീതിയിൽ അന്തിമമാക്കുമ്പോൾ വാർഷിക പദ്ധതി അടങ്കലിൽ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ ആദ്യ വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രത്യേകം മാറ്റിനിർത്തുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനുവേണ്ട വിഹിതം കൂടി ഉണ്ടാകുന്നതാണ്.

(4)എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മേൽപ്പറഞ്ഞ രീതിയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി അന്തിമമാക്കുന്ന പ്രക്രിയ മെയ് 31-നകം പൂർത്തിയാ ക്കേണ്ടതാണ്. ആദ്യ വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ ഒരു പട്ടിക തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകണം. അതിൽ പ്രോജക്ടുകളുടെ പേരും നമ്പരും, കരാറിൽ ഏർപ്പെട്ട തീയതി/പർച്ചേസ് ഓർഡർ നൽകിയ തീയതി മുതലായ വിവരങ്ങൾ രേഖപ്പെടുത്തു കയും സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും വേണം.

(5)മുൻ ഖണ്ഡികയിൽ പ്രതിപാദിച്ച പ്രകാരം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകുന്ന പട്ടിക പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ സഹായത്തോടുകൂടി ജില്ലാ ആസൂത്രണ സമിതി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ)യുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി യുടെ സി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി(1) യുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ